# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40 | 06.02.2013 ൽ മറുപടിയ്ക്ക്

## 97-)ം ഭരണഘടന ഭേദഗതിയും സഹകരണ മേഖലയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 97-)ം ഭരണഘടന ഭേദഗതി സംസ്ഥാന സഹകരണ മേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) ഭരണഘടന (97-)ം ഭേദഗതി) നിയമം, 2011 ലെ വ്യവസ്ഥകൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ കൂടുതൽ കാര്യക്ഷമമായും, സ്വതന്ത്രമായും പ്രവർത്തിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) റിസർവ് ബാങ്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിലൂടെ സഹകരണ ബാങ്കുകൾ ഇപ്പോൾ നടത്തിവരുന്ന സാമൂഹിക മേഖലയിൽ ഊന്നിയ സേവനപ്രവർത്തനങ്ങൾ ഇല്ലാതാകും എന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 2012 ലെ ബാങ്കിംഗ് നിയമങ്ങൾ (ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ പ്രകാരം റിസർവ് ബാങ്കിന്റെ ലൈസൻസ് ലഭിക്കുന്ന സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് ഇതര പ്രവർത്തനം നടത്താൻ കഴിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സംസ്ഥാന വിഷയമായ സഹകരണ മേഖലയിലെ അധികാരം കേന്ദ്രം കവർന്നെടുക്കുന്നത് ഫെഡറൽ സംവിധാനത്തിന്റെ അന്തസത്ത തകർക്കാനിടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ; | (ഡി) ബാധകമല്ല |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത തീരുമാനങ്ങൾ തിരുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; | (ഇ) | ഇല്ല |
| (എഫ്) | ഇത് സംബന്ധിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് ഒരു അഖിലകക്ഷി സംഘത്തെ അയക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ഭരണഘടനാ ഭേദഗതി ചെയ്തു കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും, ടി ഭരണഘടനാ ഭേദഗതിക്കനുസരണമായി 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ അഖില കക്ഷി സംഘത്തെ അയയ്ക്കേണ്ട ആവശ്യം വരുന്നില്ല. |

സെക്ഷൻ ഓഫീസർ